# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 963 | 06.06.2018-ൽ മറുപടിയ്ക്ക്

## സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) എത്ര ജില്ലകളിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; ഏതൊക്കെ രീതിയിൽ എന്ന് വ്യക്തമാക്കുമോ; | എ) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മതസംഘടനകൾ, എൻ.ജി.ഒ കൾ രാഷ്ട്രീയ പാർട്ടികളുടെ സംഘടനകൾ, യുവജന സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവക്ക് ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിൽ മറ്റു സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു പൊതു സ്ഥലത്തും കുട്ടിവനം, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ നിർമ്മിക്കുന്നതിനായി വിവിധയിനം വൃക്ഷത്തൈകൾ നൽകിവരുന്നു. തീരവനം, പുഴതീര വനവത്കരണം പദ്ധതികളിലൂടെ കടലോരം, പുഴവക്ക് എന്നിവിടങ്ങളിൽ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുക, കായലോരങ്ങളിലും മറ്റു അനുയോജ്യസ്ഥലങ്ങളിലും കണ്ടൽ വനവത്കരണം നടത്തുക, നഗര പ്രദേശങ്ങളിൽ അർബൻ ഫോറസ്ട്രി പദ്ധതി, ഔഷധ തോട്ടം, |

നക്ഷത്രവനം, പൂമ്പാറ്റത്തോട്ടം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ തൈകളും സാങ്കേതിക സഹായങ്ങളും നൽകുക, തുടങ്ങിയ പ്രവർത്തനങ്ങൾ സോഷ്യൽ ഫോറസ്റ്ററി വിഭാഗം ചെയ്തു വരുന്നു.

ബി) സോഷ്യൽ ഫോറസ്ട്രിയ്ക്ക് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷം എത്ര തുക ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

ബി) സോഷ്യൽ ഫോറസ്ട്രിക്കു വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ രണ്ടു വർഷം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് ലഭിച്ച ധനസഹായത്തിന്റെവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വർഷം (ലഭിച്ച തുക ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | തിരുവനന്തപുരം | - | 2,00,000 |
| 2 | കൊല്ലം | - | 2,00,000 |
| 3 | പത്തനംതിട്ട | - | 2,00,000 |
| 4 | ആലപ്പുഴ | - | 47,29,800 |
| 5 | കോട്ടയം | - | 41,30,000 |
| 6 | എറണാകുളം | 4,98,000 | 37,76,000 |
| 7 | തൃശ്ശൂർ | - | 21,81,600 |
| 8 | കോഴിക്കോട് | - | 15,00,000 |
| 9 | മലപ്പുറം | - | 15,38,000 |
| 10 | വയനാട് | - | 12,00,000 |
| 11 | കണ്ണൂർ | - | 23,00,000 |
| 12 | കാസർഗോഡ് | - | 17,00,000 |

സെക്ഷൻ ഓഫീസർ